# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 940 14.06.2012-ൽ മറുപടിയ്ക്ക്

## ഒന്നാം ഭാഷയായി മലയാളം പഠിപ്പിക്കാനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലായിടത്തും ഒന്നാം ഭാഷയായി മലയാളം പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) 01.09.2011-ലെ സ:ഉ (പി) നം:183/11/പൊ.വി. പ്രകാരം എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുള്ള - താണ്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും , നടപ്പിൽ വരുത്തുന്നതിനും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിലും ചില മാനേജ്മെൻറ് സ്ക്കൂളുകളിലും സർക്കാരിന്റെ ഇതു സംബന്ധിച്ച തീരുമാനം നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (ബി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങൾ, സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സ്ക്കൂളുകളിൽ കൂടി മലയാള ഭാഷാപഠനം നിർബന്ധമാ - ക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്ക്കൂൾ പ്രിൻസിപ്പൽമാരുടെ ഒരു വീഡിയോ കോൺഫറൻസ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അദ്ധ്യാപക പരിശീലനം, |

(............2)

പാഠപുസ്തക വിതരണം എന്നിവ
സംബന്ധിച്ച് ചർച്ചകൾ
നടത്തുന്നതിനും , ടി പ്രിൻസിപ്പൽ
മാരുടെ യോഗം വിളിച്ചുകൂട്ടുന്ന -
തിനും വിദ്യാഭ്യാസ ഉപഡയറക്ടർ -
മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ
സ്ക്കൂളുകളിൽ മലയാള ഭാഷാ പഠനം
നിർബന്ധമാക്കുന്നതിന്റെ ഭാഗമായി
ഒന്നു മുതൽ നാല് വരെ
ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകം
ഇതിനകം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ